**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3181** **14-02-2024 - ൽ മറുപടിയ്ക്ക്**

**ബേക്കൽ-കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ-കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ ബേക്കൽ കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റി ഗേഷൻ പ്രവൃത്തികൾക്ക് 67.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . അന്വേഷണ ഗവേഷണ പ്രവൃത്തികളുടെ ഭാഗമായി പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വെ പ്രവൃത്തികളും ബീച്ച് പ്രൊഫൈൽ ക്രോസ്സ് സെക്ഷൻ, ബെഡ് വാട്ടർ സാമ്പിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ , ടോപ്പോഗ്രാഫിക് സർവ്വേ,വിന്റ് ആന്റ് വേവ് ഒബ്സർവേഷൻ എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട് . 11/08/2023-ന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS), പൂനെയിലെ ഉദ്യോഗസ്ഥർ സ്ഥലസന്ദർശനം നടത്തി മാതൃകാപഠനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിൽ എന്തൊക്കെ നടപടികൾ പൂർത്തിയാക്കി; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ ബേക്കൽ കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റി ഗേഷൻ പ്രവൃത്തികൾക്ക് 67.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . അന്വേഷണ ഗവേഷണ പ്രവൃത്തികളുടെ ഭാഗമായി പോസ്റ്റ് മൺസൂൺ സമയത്തെ സർവ്വെ പ്രവൃത്തികളും ബീച്ച് പ്രൊഫൈൽ ക്രോസ്സ് സെക്ഷൻ, ബെഡ് വാട്ടർ സാമ്പിൾ കളക്ഷൻ, ഫ്ലോട്ട് ഒബ്സർവേഷൻ , ടോപ്പോഗ്രാഫിക് സർവ്വേ,വിന്റ് ആന്റ് വേവ് ഒബ്സർവേഷൻ എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട് . 11/08/2023-ന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS), പൂനെയിലെ ഉദ്യോഗസ്ഥർ സ്ഥലസന്ദർശനം നടത്തി മാതൃകാപഠനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ